بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 23.04.2021 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം**

## ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ الرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

ഇന്ന് ഞാൻ ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ)നെ കുറിച്ചായിരിക്കും പരാമർശിക്കുന്നത്. അദ്ദേഹം ബനു അദീ ബിൻ കഅബ് ബിൻ ലുവൈയ് ഗോത്രക്കാരനായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഖത്താബ് ബിൻ നുഫൈൽ എന്നും മാതാവിന്റെ പേര് ഹൻത്തമാ ബിൻത് ഹാശിം എന്നുമാണ്. ഹദ്റത്ത് ഉമർ ബിൻ ഖത്താബ്(റ)ന്റെ ജനന വർഷത്തെ കുറിച്ച് വ്യത്യസ്ത നിവേദനങ്ങളുണ്ട്. ഒരു നിവേദന പ്രകാരം അദ്ദേഹത്തിന്റെ ജനനം വലിയ ഫുജ്ജാർ യുദ്ധത്തിന് നാലു വർഷം മുമ്പാണെന്നും മറ്റൊരു നിവേദന പ്രകാരം നാലു വർഷം ശേഷമാണെന്നും വന്നിട്ടുണ്ട്. ഒരു നിവേദന പ്രകാരം അദ്ദേഹത്തിന്റെ ജനനം ഗജവർഷത്തിനു പതിമൂന്നു വർഷം ശേഷം അതായത് 583 എ.ഡിയിലാണെന്നു വന്നിരിക്കുന്നു. ഒരു നിവേദനപ്രകാരം ഹദ്റത്ത് ഉമർ(റ) നബവി (പ്രവാചകത്വ വാദത്തിനു ശേഷം) ആറാം വർഷം ഇരുപത്തി മൂന്നാം വയസ്സിലാണ് ഇസ്‌ലാം സ്വീകരിച്ചത്. അങ്ങനെ അദ്ദേഹത്തിന്റെ ജനന വർഷം 590 എ.ഡിയാകും. മറ്റൊരു നിവേദനപ്രകാരം ഹദ്റത്ത് ഉമർ(റ) തിരുനബി(സ)ന് ഇരുപത്തിമൂന്നു വയസ്സുള്ളപ്പോഴാണ് ജനിച്ചത്. ഹദ്റത്ത് ഉമർ (റ)ന്റെ വിളിപ്പേര് അബൂ ഹഫ്സ് എന്നായിരുന്നു.

ഒരിക്കൽ ഹദ്റത്ത് ഇബ്നു അബ്ബാസ് ഹദ്റത്ത് ഉമർ(റ)നോട് അദ്ദേഹത്തിന് ഫാറൂഖ് (സത്യാസത്യ വിവേചകൻ) എന്ന വിശേഷണം ലഭിച്ചതിനെ കുറിച്ച് തിരക്കി. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു, ഹദ്റത്ത് ഹംസ(റ) ഇസ്‌ലാം സ്വീകരിക്കുകയും മസ്ജിദ് ഹറാമിൽ ചെന്ന് അദ്ദേഹം അബൂ ജഹലിനെ വില്ലു കൊണ്ട് പ്രഹരിച്ച് ക്ഷതമേല്പ്പിക്കുകയും ചെയ്തതിന്റെ മൂന്നാം നാൾ ഞാൻ പുറത്തിറങ്ങിയതായിരുന്നു. വഴിമദ്ധ്യേ ബനൂമഖ്സൂമിലെ ഒരാളിൽ നിന്നും എന്റെ സഹോദരിയും ഭർത്താവും മുസ്‌ലീങ്ങളായെന്ന വിവരം ലഭിച്ചു. അതുകേട്ട് ഞാൻ അവരുടെ വീട്ടിലേക്കു പോയി. അവിടെ എന്തോ പതിഞ്ഞ സ്വരത്തിൽ വായിക്കുന്നത് ഞാൻ കേട്ടു. ഞാൻ അകത്തു പ്രവേശിച്ചു. അവിടെ തർക്കമുണ്ടായപ്പോൾ ഞാൻ എന്റെ അളിയന്റെ തലപിടിച്ചു മർദ്ദിച്ചു. അദ്ദേഹത്തെ ചോരയിൽ കുളിപ്പിച്ചു. ഒരു നിവേദന പ്രകാരം സഹോദരിക്കും പരിക്കേല്ക്കുകയുണ്ടായി. ഹദ്റത്ത് ഉമർ(റ) പറയുന്നു, ചോര കണ്ടപ്പോൾ എനിക്ക് ലജ്ജ തോന്നി. ഞാൻ അവിടെ ഇരുന്നു. നിങ്ങൾ വായിച്ചു കൊണ്ടിരുന്ന ആ ഗ്രന്ഥം എനിക്കു കാണിച്ചു തരികയെന്ന് ഞാൻ അവരോടു പറഞ്ഞു. എന്റെ സഹോദരി എന്നോട് കുളിച്ചു വരാൻ പറഞ്ഞു. ഞാൻ കുളിച്ചു വന്നപ്പോൾ അവർ അതെനിക്കു തന്നു. അതിൽ സൂറ താഹയിലെ 2 മുതൽ 9 വരെയുള്ള ആയത്തുകളായിരുന്നു. എന്റെ ഹൃദയത്തിൽ അതിന്റെ മഹത്ത്വം രൂഢമൂലമായി. ഞാൻ അവിടെ നിന്ന് ഉടനെ ദാറുൽ അർഖമിലേക്ക് പോയി. തിരുനബി(സ)യുടെ പക്കൽ ഞാൻ ഹാജരായി ഇസ്‌ലാം സ്വീകരിച്ചു. അവിടെ ഉണ്ടായിരുന്ന എല്ലാ സഹാബാക്കളും ഉയർന്ന സ്വരത്തിൽ അല്ലാഹു അക്ബർ എന്നു പറഞ്ഞു. അത് മക്കാവാസികളും കേൾക്കുകയുണ്ടായി. തുടർന്ന് ഞങ്ങൾ രണ്ടു വരികളിലായി പുറത്തിറങ്ങി. ഒരു അണിയിൽ ഞാനുണ്ടായിരുന്നു. മറ്റൊന്നിൽ ഹംസയും ഉണ്ടായിരുന്നു. അവിടെ വച്ച് ഖുറൈശികൾ ഞങ്ങളെ കണ്ടു. അവർക്ക് അതിനു മുമ്പൊരിക്കലും ഉണ്ടാകാത്തത്ര മനോവേദനയും മനപ്രയാസവും അപ്പോൾ അനുഭവപ്പെട്ടു. അന്ന് തിരുനബി എനിക്കു ഫാറൂഖ് അഥവാ സത്യാസത്യ വിവേചകൻ എന്ന പേര് നല്കി. ഒരു നിവേദന പ്രകാരം ദാറുൽ അർഖമിൽ വച്ച് അവസാനമായി ഇസ്‌ലാം സ്വീകരിക്കുന്ന വ്യക്തി ഹദ്റത്ത് ഉമർ(റ) ആയിരുന്നു.

ഹദ്റത്ത് ഉമർ(റ) കുതിരസവാരിയിലും ഗുസ്തിയിലും പ്രഗൽഭനായിരുന്നു. നല്ല ഉയരവും ദൃഢശരീരവുമുള്ള വ്യക്തിയായിരുന്നു. എഴുത്തും വായനയും അറിയുന്ന ഖുറൈശ് ഗോത്രത്തിൽ പെട്ട 17 പേരിൽ അദ്ദേഹവും ഉൾപ്പെ ട്ടിരുന്നു. ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് ഖുറൈശികളുടെ അംബാസഡർ പദവി അദ്ദേഹത്തിനായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, ഹദ്റത്ത് ഉമർ(റ)ന് ഇസ്‌ലാമിനോട് കൊടിയ ശത്രുത ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഉള്ളിൽ ആത്മീയമായ യോഗ്യത ഉണ്ടായിരുന്നു. അതായത് തിരുനബിയ്ക്കും സഹാബാക്കൾക്കും പ്രയാസങ്ങൾ ഉണ്ടാക്കുമായിരുന്നിട്ടും അദ്ദേഹത്തിനുള്ളിൽ ആർദ്ര വികാരവും ഉണ്ടായിരുന്നു. ഹബ്ശ ഹിജ്റത്തിന്റെ രാത്രി ഇരുട്ടിൽ ഹദ്റത്ത് ഉമർ(റ) മക്കയിൽ റോന്തു ചുറ്റുകയായിരുന്നു. അപ്പോൾ ഒരു സഹാബിയയെ യാത്രയുടെ തയ്യാറെടുപ്പോടെ നില്ക്കുന്നതു കണ്ടു. കാര്യം അന്വേഷിച്ചപ്പോൾ, നിങ്ങളും നിങ്ങളുടെ സഹോദരന്മാരും ഞങ്ങൾ ഇവിടെ വസിക്കുന്നത് ഇഷ്ടപ്പെടാത്തതിനാലും ഇവിടെ ഞങ്ങൾക്ക് ഏകദൈവത്തെ ആരാധിക്കാനുള്ള സ്വാതന്ത്ര്യമില്ലാത്തതിനാലുമാണ് ഞങ്ങൾ സ്വദേശം വിടുന്നതെന്ന് അവർ പറഞ്ഞു. ഈ മറുപടി കേട്ടപ്പോൾ അദ്ദേഹം വികാരഭരിതനായി മറുവശത്തേക്കു മുഖം തിരിച്ചു കൊണ്ട് പറഞ്ഞു, ശരി പോയ്കൊള്ളുക ദൈവം നിങ്ങളെ സംരക്ഷിക്കുമാറാകട്ടെ.

ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിക്കുന്നതിനായി തിരുനബി(സ) ഇപ്രകാരം ദുആ ചെയ്യുകയുണ്ടായി, അബൂജഹൽ, ഉമർ ബിൻ ഖത്താബ് എന്നിവരിൽ നിനക്ക് ഏറ്റവും പ്രിയങ്കരനായവനെ കൊണ്ട് ഇസ്‌ലാമിന് യശസ്സേകണമേ. ദുൽഹ

ജ്ജ നബ്‌വി ആറിന് ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിച്ചപ്പോൾ മക്കയിലെ മുസ്‌ലീം പുരുഷന്മാരുടെ എണ്ണം 40 ആയിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ ഹദ്റത്ത് ജിബ്‌രീൽ(അ) അവതരിച്ചു. തിരുനബി(സ)യെ അഭിസംബോധന ചെയ്തു കൊണ്ടു പറഞ്ഞു, അല്ലയോ മുഹമ്മദ്, ഉമർ ഇസ്‌ലാം സ്വീകരിച്ചതിൽ വാനലോകത്തുള്ളവരും സന്തുഷ്ടരാണ്.

ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിച്ചതിനു നിമിത്തമായതെന്താണെന്നതു സംബന്ധിച്ച് ഹദീസിന്റെയും ചരിത്രങ്ങളുടെയും ഗ്രന്ഥങ്ങളിൽ വിവിധ സംഭവങ്ങളും നിവേദനങ്ങളും വന്നിട്ടുണ്ട്. ഒരു നിവേദന പ്രകാരം അബൂജഹൽ തിരുനബി(സ)യെ വധിക്കുന്ന വ്യക്തിക്ക് വലിയ പാരിതോഷികം ലഭിക്കുമെന്ന് വിളംബരപ്പെടുത്തി. അപ്പോൾ ഹദ്റത്ത് ഉമർ(റ) തിരുനബി(സ)യെ വധിക്കണമെന്ന് ഉദ്ദേശിച്ചു കൊണ്ട് ഊരിപ്പിടിച്ച വാളും പിടിച്ച് പുറപ്പെട്ടു. വഴിമദ്ധ്യേ ഒരു പശുക്കിടാവിനെ അറവു നടത്തുന്നതായി കണ്ടു. അതിന്റെ വയറ്റിൽ നിന്നും ഒരു ശബ്ദം കേട്ടു, അല്ലയോ ദരീഹിന്റെ ആളുകളേ, ദരീഹ് എന്നത് ആ പശുക്കിടാവിന്റെ പേരായിരുന്നു. ഒരു വിളിയാൾ അല്ലാഹുവിന്റെ തൗഹീദിനെയും റസൂലുല്ലാഹ്(സ)നെയും സാക്ഷ്യപ്പെടുത്താനായി വിളിക്കുന്നു. ഹദ്റത്ത് ഉമർ(റ)ന് ഇത് തന്നെ ഉദ്ദേശിച്ചാണെന്ന് തോന്നി. ഹുസൂർ തിരുമനസ്സ് പറയുന്നു, ഈ നിവേദനം ശരിയാണെങ്കിൽ അത് കശ്ഫ് അഥവാ ജാഗ്രതാ ദർശനമായിരിക്കും.

മറ്റൊരു നിവേദന പ്രകാരം ഒരു രാത്രി ഹദ്റത്ത് ഉമർ(റ) മസ്ജിദ് ഹറാമിൽ വച്ച് തിരുനബി(സ)യെ നമസ്കാരത്തിൽ മുഴുകിയിരിക്കുന്നതായി കണ്ടു. റസൂലുല്ലാഹ്(സ) സൂറ റഹ്മാൻ പാരായണം ചെയ്യുകയായിരുന്നു. ഹദ്റത്ത് ഉമർ(റ) പറയുന്നു, ഖുർആൻ പാരായണം ശ്രവിച്ചതും എന്റെ ഹൃദയം തരളിതമായി. ഞാൻ കരഞ്ഞു പോയി. എന്നിലേക്ക് ഇസ്‌ലാം പ്രവേശിച്ചു.

അതുപോലെ മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ഉമർ(റ) പറയുന്നു, എന്റെ സഹോദരിക്ക് പ്രസവവേദനയുണ്ടായി. ദുആ ചെയ്യാനായി ഞാൻ കഅ്ബയുടെ ആവരണത്തെ ചുറ്റിപ്പിടിച്ചു. റസൂലുല്ലാഹ്(സ) നമസ്ക്കാരത്തിൽ ഖുർആൻ പാരായണം ചെയ്യുന്നതു കേട്ടു. ആ വചനങ്ങൾ അദ്ദേഹത്തെ വലുതായി പ്രഭാവിതനാക്കി. അക്കാരണത്താൽ റസൂലുല്ലാഹ്(സ) തിരികെ പോകുമ്പോൾ ഹദ്റത്ത് ഉമർ(റ) പിറകെ കൂടി. റസൂലുല്ലാഹ്(സ) അതു കണ്ടപ്പോൾ പറഞ്ഞു, ഏ ഉമർ, നീ എന്നെ പകലും വെറുതെ വിടുന്നില്ല, രാത്രിയും വെറുതെ വിടുന്നില്ല. അപ്പോൾ ഹദ്റത്ത് ഉമർ(റ) തിരുനബി(സ) തനിക്കെതിരെ ശാപപ്രാർഥന നടത്തിയാലോ എന്ന് കരുതി വേഗം ശഹാദത്ത് കലിമ ചൊല്ലി.

മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിച്ചതിനെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. റസൂലുല്ലാഹ്(സ) സൂറ അൽ ഹാഖ പാരായണം ചെയ്യുന്നതു കേട്ടു. അപ്പോൾ ഖുർആന്റെ ഘടനയെയും ക്രമബദ്ധതയെയും കുറിച്ച് ഓർത്ത് അതിശയപ്പെട്ടു കൊണ്ട് ആത്മഗതം ചെയ്തു, ദൈവത്താണ! ഇതൊരു കവിയുടെ രചനയാണ്. പറയുന്നു, ഞാൻ അങ്ങനെ ആലോചിച്ചതും റസൂലുല്ലാഹ്(സ) **ഇന്ന ഹു ലഖൗലു റസൂലിൻ കരീം. വമാഹുവ ബിഖൗലി ശാഇരിൻ** എന്ന് ഓതി. അതായത്, നിശ്ചയമായും ഇത് ആദരണീയനായ പ്രവാചകന്റെ വാക്കാണ്. ഒരു കവിയുടെ വാക്കല്ല. ഹദ്റത്ത് ഉമർ(റ) പറയുന്നു, അപ്പോൾ ഞാൻ ഇങ്ങനെ ആലോചിച്ചു, ഇതൊരു ജോത്സ്യൻ അല്ലെങ്കിൽ ജാലവിദ്യക്കാരന്റെ വചനമാണ്. **വലാ ബിഖൗലി കാഹിൻ. ഖലീലൻ മാതദക്കറൂൻ.** ഇതൊരു ജോത്സ്യന്റെ വാക്കല്ല. നിങ്ങൾ അല്പം മാത്രമേ ഉപദേശം കരസ്ഥമാക്കുന്നുള്ളൂ. ഹദ്റത്ത് ഉമർ(റ) പറയുന്നു, അതോടെ എന്റെ ഹൃദയത്തിൽ ഇസ്‌ലാമിന് സ്ഥിരപ്രതിഷ്ഠ നേടി.

ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിച്ചതിനെ കുറിച്ചുള്ള വിവിധ നിവേദനങ്ങളെ കുറിച്ച് ചർച്ച ചെയ്തു കൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു, ചരിത്രങ്ങളുടെയും ജീവചരിത്രങ്ങളുടെയും ഗ്രന്ഥങ്ങളിൽ വിവിധ നിവേദനങ്ങൾ വന്നിട്ടുണ്ട്. അവയിൽ പ്രാമാണികമായവയാണ് ഇവിടെ വിവരിച്ചത്. ഹദ്റത്ത് ഉമർ(റ) തന്റെ സഹോദരിയും ഭർത്താവും മുസ്‌ലീങ്ങളായെന്ന വിവരം ലഭിച്ചപ്പോൾ അവരുടെ വീട്ടിലേക്കു പോയതും തുടർന്ന് അവിടെ നിന്നും ദാറുൽ അർഖമിലേക്കു പോയതുമായ നിവേദനത്തെയാണ് കൂടുതൽ വിശ്വസനീയമായി നമ്മൾ അംഗീകരിക്കുന്നത്. ഇവിടെ ഉദ്ധരിക്കപ്പെട്ട എല്ലാ നിവേദനങ്ങളും തന്നെ അതാതു സ്ഥലത്ത് ശരി ആയിരിക്കാനും സാധ്യതയുണ്ട്. ഇവയിൽ നിന്നും ഹദ്റത്ത് ഉമറിന് ഹൃദയത്തിൽ ഉണ്ടായ പരിവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നത് ആണെന്നും അവസാനത്തെ സംഭവം സ്വസഹോദരിയുടെ വീട്ടിൽ പരിശുദ്ധ ഖുർആൻ പാരായണം ശ്രവിക്കുകയും ഇസ്‌ലാം സ്വീകരിക്കാനായി പ്രവാചക സമക്ഷം ഹാജരായതുമാണെന്ന് ഒരു നിഗമനത്തിൽ നമുക്ക് എത്താവുന്നതാണ്.

ഹുസൂർ തിരുമനസ്സ് ഹദ്റത്ത് ഉമർ(റ)ന്റെ അനുസ്മരണം തുടരുന്നതാണ് എന്നു പറഞ്ഞ ശേഷം ഹുസൂർ തിരുമനസ്സ് ഖുത്ബയുടെ അവസാനത്തിൽ ഏപ്രിൽ 9 ന് 87 വയസ്സിൽ വഫാത്തായ അഹ്മദ് മുഹമ്മദ് ശുബൂത്തി സാഹിബ് സദ്ർ ജമാഅത്ത് അഹ്മദിയ്യാ യമൻ, ഏപ്രിൽ 9 ന് 87 വയസ്സിൽ വഫാത്തായ ഖുറൈശി സക്കാഉല്ലാഹ് സാഹിബ് അക്കൗണ്ടന്റ് ജൽസാ സാലാന, 85 വയസ്സിൽ വഫാത്തായ മലിക്ക് ഖാലിക്ക് ദാദ് സാഹിബ് കേനഡ, മാർച്ച് 27 ന് 77 വയസ്സിൽ വഫാത്തായ മുഹമ്മദ് സലീം സാബിർ സാഹിബ്, മാർച്ച് 10 ന് വഫാത്തായ അമേരിക്കയിലെ സാഹിബ് സാദാ മഹ്ദി ലത്തീഫ് സാഹിബിന്റെ ഭാര്യ നയീമാ ലത്തീഫ് സാഹിബ, മാർച്ച് 11 ന് 80 വയസ്സിൽ വഫാത്തായ കേനഡയിലെ ശരീഫ് സാഹിബിന്റെ ഭാര്യ സഫിയ ബേഗം സാഹിബ എന്നിവരുടെ സുസ്മരണ നടത്തുകയും അവർക്കായി ദുആ ചെയ്യുകയും ജനാസ ഗായിബ് നമസ്ക്കരിപ്പിക്കുകയുമുണ്ടായി.

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 23.04.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516